● പ്രഫ. ഖുർശിദ് അഹ്മദ്

# 9/11 ദുരൂഹത ചുരുളഴിയുന്നു

**സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തെക്കുറിച്ച് അമേരിക്കയും ഇസ്രയേലും പ്രചരിപ്പിക്കുന്ന വാദമുഖങ്ങളെ ചോദ്യം ചെയ്യാൻ ശക്തമായ പിൻബലം ലഭിച്ചിരിക്കുകയാണ് എഴുത്തുകാർക്കും പത്രപ്രവർത്തകർക്കും രാഷ്ട്രീയ നിരീക്ഷകർക്കും**

**നമ്മുടെ** കാലത്തെ രാഷ്ട്രീയ ഭാഷയിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട സവിശേഷ പ്രയോഗമാണ് നയൻ/ഇലവൻ(9/11). ഇത് കേവലം പ്രയോഗമല്ല; 'ഭീകരതാ വിരുദ്ധ യുദ്ധം' എന്ന ആഗോള യുദ്ധത്തിന്റെ അടിത്തറ കൂടിയാണ്. ഈ ദിനത്തിൽ (2001 സെപ്റ്റംബർ 11) ആണ് അമേരിക്കയിലെ ലോകവ്യാപാര കേന്ദ്രവും അമേരിക്കൻ രാജ്യരക്ഷാ ആസ്ഥാനമായ പെന്റഗണും ആക്രമിക്കപ്പെട്ടത്. സംഭവത്തിന്റെ നിജസ്ഥിതി പോലും അന്വേഷിക്കാൻ മെനക്കെടാതെ അമേരിക്കൻ ഭരണകൂടം ഭീകരതക്കെതിരെ അവസാനിക്കാത്ത ഒരു ലോകയുദ്ധത്തിന് കോപ്പു കൂട്ടി ഇറങ്ങുകയായിരുന്നു.

ആക്രമണം കഴിഞ്ഞിട്ട് ഇപ്പോൾ ആറ് വർഷത്തിലേറെയായി. എന്താണ് അവിടെ സംഭവിച്ചത്? എങ്ങനെയാണ് സംഭവിച്ചത്? ആരാണ് ചെയ്തത്? ഈ ആക്രമണത്തിന്റെ പിന്നിലെ യഥാർഥ ലക്ഷ്യങ്ങൾ എന്തായിരിന്നു? അമേരിക്കയും എപ്പോഴും അവരോടൊപ്പം നിൽക്കുന്ന മറ്റൊരു രാഷ്ട്രവും അവരുടെ രാഷ്ട്രീയ അജണ്ടകൾ നടപ്പാക്കുന്നതിന് സൃഷ്ടിച്ചെടുത്ത ഒരു ദുരന്തമായിരുന്നോ 9/11 ? ഈ നിഗൂഢതകളൊന്നും ഇന്നും അനാവരണം ചെയ്യപ്പെട്ടിട്ടില്ല. ഇവിടെ മറ്റൊരു കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ രണ്ട് ലോകയുദ്ധങ്ങളെ ആരും ഒരു പ്രത്യേക ചരിത്ര ഘട്ടത്തോട് ചേർത്തു പറയാറില്ല. പക്ഷേ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഭീകരതാ വിരുദ്ധ യുദ്ധത്തിന്റെ പേരു തന്നെ നയൻ/ഇലവൻ എന്നായി മാറിയിരിക്കുന്നു.



ഫ്രാൻസിസ്കോ കോസിഗാ

സെപ്റ്റംബർ പതിനൊന്നിന് അമേരിക്കയിലുണ്ടായ ആക്രമണങ്ങളെക്കുറിച്ച് രണ്ട് വാദഗതികളാണ് പ്രധാനമായും നിലനിൽക്കുന്നത്. ഒന്ന്: ഉസാമ ബിൻലാദിനും അൽഖാഇദയുമാണ് ആക്രമണങ്ങൾക്ക് പിന്നിൽ. മറ്റൊരു ഭാഷയിൽ, ഇസ്ലാമിക ഭീകരരും തീവ്രവാദികളുമാണത് നടത്തിയത്. ഉസാമയെയും കൂട്ടാളികളെയും പിടികൂടാനെന്നപേരിൽ അമേരിക്ക അഫ്ഗാനിസ്താനിലും ഇറാഖിലും ലോകത്തിന്റെ പല ഭാഗങ്ങളിലും യുദ്ധം തുടർന്നുകൊണ്ടേയിരിക്കുന്നു.

സെപ്റ്റംബർ പതിനൊന്നിലെ ആക്രമണങ്ങൾക്ക് പിന്നിൽ അമേരിക്കയുടെയും ഇസ്രയേലിന്റെയും രഹസ്യാന്വേഷണ ഏജൻസികൾ തന്നെയാണുള്ളത്. ഈ സംഭവം നടന്നതുകൊണ്ട് പ്രയോജനമുണ്ടായിട്ടുള്ളത് ഈ രണ്ട് രാഷ്ട്രങ്ങൾക്കുമാണല്ലോ. ഇതിനെ മുന്നിൽ നിർത്തിയാണ് ഇപ്പോഴും ഇരു രാഷ്ട്രങ്ങളും തങ്ങളുടെ അജണ്ട നടപ്പാക്കുന്നത്. ഇതാണ് രണ്ടാമത്തെ വാദഗതി.

ഈ രണ്ട് വാദഗതികളും വളരെ ശക്തിയായി തന്നെ അവതരിപ്പിക്കപ്പെടു


# 9/11 സത്യം തുറന്നു പറയുന്ന കൃതികൾ




9/11: The Big Lie by Thierry Meyssan, Carnot Publishing, London 2002




Beyond September 11: An Anthology of Dissent, Ed. by Phil Scraton, Pluto Press, London, 2002.





The War on Truth: 9/11 Disinformation and the Anatomy of Terrorism, by Nafeez Mussadiq Ahmad. Olive Branch, Northampton, MA., 2005.





Pentagate: by Thierry Meyssan, Carnot Publishing, London 2002





Flight 93 Revealed: What Really Happened on the 9/11 'Let's Roll' Flight? By Rowland Morgan, Constable and Robinson, London 2006.





The New Pearl Harbour: Disturbing Questions about the Bush Administration and 9/11 by David Ray Greffin, Olive Branch, Northampton, 2005.




9/11 Revealed: Challenging the Facts Behind the War on Terror, by Ian Henshall and Rowland Morgan, Constable and Robinson, London, 2005.





Behind the War on Terror: Western Strategy and Struggle for Iraq, by Nafeez Mossadiq Ahmad. New Society Publications, Gabriele, 2002.





The 9/11 Commission Report: Omissions and Distortions by David Ray Griffin, Olive Branch Press, Northampton, 2005.




9/11 Synthetic Terror: Made in USA, by webster Griffin Trapley, Progressive Press, Joshua Tree, 2005.




Christian Faith and the Truth Behind 9/11, by David Ray Griffin, Westminster, John Knox, Louisville, 2006





9/11 and American Empire: Intellectuals Speak Out. Ed. By David Ray Griffin and Peter Dale Scott, Arris Books, Glo stanshire, 2007.

ന്നുണ്ട്. ഓരോ പക്ഷവും മറുപക്ഷം കള വാണ് പറയുന്നതെന്ന് സമർഥിക്കാനും ശ്രമിക്കുന്നു. പക്ഷേ, സത്യമെന്താണ്? സത്യം ഒരു കാലത്തും പുറത്ത് വരില്ലെന്നുണ്ടോ? ഈ സംഭവം എന്നും ഒരു നിഗൂഢതയായി തന്നെ അവശേഷിക്കുമോ?

അമേരിക്കയെ പ്രതിക്കൂട്ടിൽ നിർത്തുന്ന ചില അന്വേഷണങ്ങൾ ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. മൈക്കൽ മൂറിന്റെ *ഫാറൻഹീറ്റ് 9/11* എന്ന ഡോക്യുമെന്ററിയും ബി.ബി.സി *പനോരമ* പരിപാടിയുടെ നാല് എപ്പിസോഡുകളും സംഭവത്തെക്കുറിച്ച് ഒരുപാട് സംശയങ്ങളും ചോദ്യങ്ങളും ഉയർത്തിയെങ്കിലും ആഗോളതലത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ അവക്കായില്ല. ഈ വിഷയത്തിൽ ഇറങ്ങിയ ഇരുപതോളം പുസ്തകങ്ങളും കാര്യമായ ചലനങ്ങൾ ഉണ്ടാക്കിയില്ല. അവയെ തേച്ചുമായ്ക്കാനും ജനശ്രദ്ധയിൽ കൊണ്ട്വരാതിരിക്കാനും അമേരിക്കൻ ഭരണകൂടത്തിനും മീഡിയക്കും സാധിച്ചു.

പക്ഷേ, 2007 ഡിസംബറിൽ ഉണ്ടായ ഒരു വെളിപ്പെടുത്തൽ പാശ്ചാത്യ ലോകത്തെ ശരിക്കും പിടിച്ചു കുലുക്കുകയുണ്ടായി. എന്നിട്ടും അമേരിക്കൻ ഭരണകൂടത്തിനും മാധ്യമങ്ങൾക്കും വെളിപ്പെടുത്തലിനെ ഒതുക്കിക്കളയാനും മുസ്‌ലിം ലോകത്ത് അതൊരു ചർച്ചാവിഷയമാകാതെ നോക്കാനും കഴിഞ്ഞു. അതേസമയം സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തെക്കുറിച്ച് അമേരിക്കയും ഇസ്രയേലും പ്രചരിപ്പിക്കുന്ന വാദമുഖങ്ങളെ ചോദ്യം ചെയ്യാൻ ശക്തമായ പിൻബലം ലഭിച്ചിരിക്കുകയാണ് എഴുത്തുകാർക്കും പത്രപ്രവർത്തകർക്കും രാഷ്ട്രീയ നിരീക്ഷകർക്കും.

വെളിപ്പെടുത്തൽ നടത്തിയത് മറ്റാരുമല്ല, ഇറ്റലിയുടെ മുൻ പ്രസിഡന്റ് ഫ്രാൻസിസ്കോ കോസിഗാ. 2007 ഡിസംബർ ആദ്യവാരം ഇറ്റലിയിലെ ഏറ്റവും പ്രചാരമുള്ള Corriere della Sera എന്ന പത്രത്തിനു നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: സെപ്റ്റംബർ പതിനൊന്നിലെ സംഭവങ്ങൾ ഉൾപ്പണി (inside job) ആയിരുന്നു. അതിനു പിന്നിൽ പ്രവർത്തിച്ച യഥാർഥ പ്രതികൾ അമേരിക്കൻ സി.ഐ.എയും ഇസ്രയേലിന്റെ മൊസാദുമാണ്. ലോക സിയോണിസത്തിന്റെ പൂർണ പിന്തുണ ഇതിന് ഉണ്ടായിരുന്നു. അറബ് രാജ്യങ്ങളെ ആരോപണങ്ങളുടെ നിഴലിൽ നിർത്താനും പാശ്ചാത്യ ശക്തികൾക്ക് ഇറാഖ്,



റോളൻഡ് മോർഗൻ



പ്രഫ. നഫീസ് മുസദ്ദിഖ് അഹ്മദ്



തിയറി മെയ്സൻ

അഫ്ഗാനിസ്താൻ പോലുള്ള നാടുകൾ അക്രമിക്കാനും വേണ്ടിയായിരുന്നു ഇത്.

വളരെ തന്ത്രപൂർവം കരുക്കൾ നീക്കുന്ന ഒരു മാസ്റ്റർമൈൻഡ് ഈ ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും ഏതാനും മതഭ്രാന്തന്മാരെ മാത്രമല്ല തികവുറ്റ ഒരു പറ്റം സാങ്കേതിക വിദഗ്ധരെയും റിക്രൂട്ടു ചെയ്യാൻ അവർക്ക് സാധിച്ചിട്ടുണ്ടെന്നും റഡാർ-സെക്യൂരിറ്റി സംവിധാനങ്ങളിൽ നുഴഞ്ഞുകയറാതെ ഇത്തരമൊരു ആക്രമണം സാധ്യമല്ലെന്നും നേരത്തെ പലരും ചൂണ്ടിക്കാണിച്ചിരുന്നതാണ്. അതിന്റെ ചുവടൊപ്പിച്ചാണ് കോസിഗോയുടെ വെളിപ്പെടുത്തലും.

വിഷയങ്ങളിൽ നല്ല ഗ്രാഹ്യമുള്ള പണ്ഡിതൻ കൂടിയാണ് ഈ മുൻപ്രസിഡന്റ്. സത്യം തുറന്നു പറയുന്ന ചങ്കൂറ്റമുള്ള രാഷ്ട്രീയ നേതാവായി അദ്ദേഹം യൂറോപ്പിൽ അറിയപ്പെടുന്നു. 1985 മുതൽ 1992 വരെ ഇറ്റലിയുടെ പ്രസിഡന്റായിരുന്നു. തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിന് ഇതിന് മുമ്പും യൂറോ-അമേരിക്കൻ-ഇസ്രയേൽ രഹസ്യ ഏജൻസികൾ ഇതുപോലുള്ള ആക്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് അദ്ദേഹം അഭിമുഖത്തിൽ തുടർന്ന് പറയുന്നു. അതിലൊന്നാണ് നാറ്റോയുടെ നേതൃത്വത്തിൽ നടന്ന ഓപ്പറേഷൻ ഗ്ലാഡിയോ. 2000-ത്തിൽ ഇറ്റാലിയൻ പാർലമെന്റ് കമ്മിറ്റിക്ക് മുമ്പാകെ വന്ന റിപ്പോർട്ടിൽ, അമേരിക്കൻ ചാരസംഘടനയുടെ നേതൃത്വത്തിലാണ് നാറ്റോ ഈ സൈനിക നടപടികൾ നടത്തിയതെന്ന് വെളിപ്പെടുത്തിയിരുന്നു.

സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തിന് ശേഷം ഒന്നുരണ്ട് വർഷം സംഭവത്തെക്കുറിച്ച് ഒരു മറുവീക്ഷണം പുറത്തുവന്നിരുന്നില്ല. അത്രക്ക് സമ്മർദങ്ങളായിരുന്നു. ക്രമേണ എതിരഭിപ്രായങ്ങൾ പുറത്തുവരാൻ തുടങ്ങി. പ്രശസ്ത ഫ്രഞ്ച് എഴുത്തുകാരൻ തിയറി മെയ്സൻ അമേരിക്കൻ ഭാഷ്യത്തെ വെല്ലുവിളിച്ചുകൊണ്ട് '9/11: വലിയ നുണ' എന്ന പുസ്തകമെഴുതി. 2002-ൽ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പുറത്തുവന്നു. പെന്റഗൺ ആക്രമിക്കപ്പെട്ടു എന്ന പ്രചാരണത്തെ ചോദ്യം ചെയ്യുകയാണ് Pentagate (2002) എന്ന അദ്ദേഹത്തിന്റെ മറ്റൊരു കൃതിയിൽ. ഈ വിഷയം പഠിച്ച മുസ്‌ലിം ഗവേഷകരിൽ പ്രമുഖനാണ് പ്രഫ. നഫീസ് മുസദ്ദിഖ് അഹ്മദ്. *യുദ്ധം സത്യത്തിനെതിരെ: 9/11 ഭീകരത അനാവരണം ചെയ്യപ്പെടുന്നു, ഭീകര വിരുദ്ധ യുദ്ധത്തിന്റെ പിന്നാമ്പുറം: പാശ്ചാത്യ തന്ത്രവും ഇറാഖിന് വേണ്ടിയുള്ള മൽപ്പിടുത്തവും* എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

രണ്ട് പുസ്തകങ്ങൾ ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഇയാൻ ഹെൻഷാൻ, റോളൻഡ് മോർഗൻ എന്നിവർ ചേർന്നെഴുതിയ *9/11 അനാവരണം ചെയ്യപ്പെടുന്നു* (2005) എന്ന കൃതിയും റോളൻഡ് മോർഗൻ ഒറ്റക്കെഴുതിയ *ഫ്ളൈറ്റ് 93 അനാവരണം ചെയ്യപ്പെടുന്നു* എന്ന കൃതിയും. പെന്റഗണിൽ നടന്നുവെന്ന് പറയപ്പെടുന്ന ആക്രമണത്തെ ഇഴകീറി പരിശോധിക്കുകയാണ് ഈ കൃതികളിൽ. ഇതു സംബന്ധമായി പുതിയ അന്വേഷണ റിപ്പോർട്ടുകൾ വെളിച്ചം കണ്ടു കൊണ്ടിരിക്കുന്നു.

പത്രപ്രവർത്തകർ മാത്രമല്ല ചിന്തകരും തത്ത്വശാസ്ത്ര പണ്ഡിതന്മാരും ഈ പ്രഹേളികയുടെ ചുരുളഴിക്കാൻ രംഗത്തുണ്ട് എന്നതാണ് ഏറെ ശ്രദ്ധേയം. നോം ചോംസ്കിക്കു ശേഷം ഈ പ്രശ്നത്തിൽ മികച്ച സംഭാവനകൾ നൽകിയ തത്ത്വശാസ്ത്രകാരൻ ക്ലയർമോണ്ട് ഗ്രാജ്വേറ്റ് യൂനിവേഴ്സിറ്റി ദൈവശാസ്ത്ര വിഭാഗത്തിലെ പ്രഫ. ഡേവിഡ് റേ

ഗ്രിഫിൻ ആണ്. വായനാവൃത്തങ്ങളിൽ കോളിളക്കമുണ്ടാക്കിയ രണ്ട് കൃതികളുണ്ട് അദ്ദേഹത്തിന്. *പുതിയ പേൾഹാർബർ: അമേരിക്കൻ ഭരണകൂടത്തെക്കുറിച്ചും 9/11നെക്കുറിച്ചും അസ്വസ്ഥപ്പെടുത്തുന്ന ചോദ്യങ്ങൾ* (2004), *'9/11 കമീഷൻ റിപ്പോർട്ട്: വിട്ടുകളഞ്ഞതും വികൃതമാക്കിയതും* (2005) എന്നിവ. പ്രഫ. ഗ്രിഫിൻ ഈയിടെ സമാഹരിച്ച ലേഖന സമാഹാരമായ *ക്രിസ്ത്യൻ വിശ്വാസവും 9/11-ന്റെ യാഥാർഥ്യവും* (2006), എഡിറ്റ് ചെയ്ത *9/11 ഉം അമേരിക്കൻ സാമ്രാജ്യത്വവും: ബുദ്ധിജീവികൾ തുറന്നടിക്കുന്നു* (2007) എന്നിവയും ശ്രദ്ധിക്കപ്പെട്ടു. അവസാനം പറഞ്ഞ പുസ്തകത്തിൽ യൂറോപ്പിലും അമേരിക്കയിലും കനഡയിലുമുള്ള പതിനൊന്ന് ശാസ്ത്രജ്ഞരും ചിന്തകരും എഴുതിയ ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2006-ൽ ഹോളണ്ടിലെ ആംസ്റ്റർഡാമിൽ ഒരു പുസ്തകമിറങ്ങി - *9/11/2001-ന്റെ ഒളിച്ചുവെച്ച ചരിത്രം* എന്ന പേരിൽ. ഗ്രന്ഥകർത്താവ് ഹോളണ്ടുകാരനായ പോൾ സെർമനിക്. *സെപ്റ്റംബർ പതിനൊന്നിന് അപ്പുറം: വിസമ്മതത്തിന്റെ ലേഖനസമാഹാരം* എന്ന കൃതി ഇതേ കാലയളവിൽ ലണ്ടനിലും പ്രസിദ്ധീകരിക്കപ്പെട്ടു.

ഒരു പഠനഗവേഷണ മേഖലയായി തന്നെ 9/11 മാറിയിട്ടുണ്ടെന്നർഥം. അത്തരം പഠനങ്ങളുടെ മുഴുവൻ തലക്കെട്ടുകൾ പകർത്താൻ ഇവിടെ സാധ്യമല്ല. അത് ഉദ്ദേശ്യവുമല്ല. സംഭവത്തിൽ അമേരിക്കൻ-ഇസ്രയേൽ ഏജൻസികളുടെ കറുത്ത കൈകൾ സാവധാനത്തിലാണെങ്കിലും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യകരമെന്നുപറയട്ടെ, ഈ സംഭവത്തിന്റെ പേരിൽ ലോകത്തെമ്പാടും വേട്ടയാടപ്പെടുന്ന മുസ്‌ലിം സമൂഹത്തിന് ഇത്തരം പഠനങ്ങളെക്കുറിച്ചോ സംഭവ വികാസങ്ങളെക്കുറിച്ചോ യാതൊരു പിടിപാടുമില്ല. മുസ്‌ലിം പൊതുസമൂഹവും ഭരണാധികാരികളും ഒരുപോലെ സംഭവത്തെക്കുറിച്ചുള്ള അമേരിക്കൻ ഭാഷ്യം അംഗീകരിച്ച് സ്വസ്ഥമായി കഴിഞ്ഞുകൂടുന്നു. തങ്ങൾ നിരന്തരം അക്രമിക്കപ്പെടുന്നത് ഇതിന്റെ പേരിലാണെന്ന് അവർ അറിയുന്നില്ല. അവരിലെ ചിന്താശീലർക്ക് വിഷയം ആഴത്തിൽ പഠിക്കാൻ ലേഖനത്തിൽ പരാമർശിച്ചതും അല്ലാത്തതുമായ ഏതാനും പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലേഖനത്തിൽ ചേർത്തിട്ടുണ്ട്. ■